**Circular No. 145**
**മദ്യവിരുദ്ധ ഞായർ**

Catholic Metropolitanís House
P.B. No. 71, Kottayam -686 001
Kerala, India

Date: 09 - 01 - 2014

പ്രിയ ബഹു. അച്ചാ,

ആഗോള കത്തോലിക്കാ സഭ വിശ്വാസവർഷം സമുചിതമായി ആഘോഷിക്കുകയുണ്ടായി. നമ്മുടെ കുടുംബങ്ങളെ വിശ്വാസദീപ്തിയാൽ പ്രകാശിപ്പിക്കുവാനുള്ള അസുലഭ അവസരമാണ് സഭയ്ക്ക് അതിലൂടെ കൈവന്നത്. ഇന്നു നമ്മുടെ കുടുംബങ്ങളെയും സമൂഹത്തെയും നശിപ്പിക്കുന്ന പ്രധാന വിപത്തുകളിലൊന്ന് മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും അനിയന്ത്രിതമായ ഉപയോഗമാണ്. ലഹരിയുടെ വലയത്തിൽ അലിഞ്ഞു ഇല്ലാതാകുന്ന ജീവിതങ്ങളെ തിരികെ പിടിക്കുവാനും പുതുതലമുറയെ ലഹരിക്കയത്തിലേക്കുള്ള യാത്രയിൽ നിന്നും പിന്തിരിപ്പിക്കുവാനും, ലഹരി വസ്തുക്കൾ സമൃദ്ധമായി ലഭ്യമാകുന്ന സാഹചര്യങ്ങൾക്കെതിരെ പ്രതികരിക്കുവാനും, പ്രതിരോധിക്കുവാനുമുള്ള, നമ്മുടെ ക്രൈസ്തവ ദൗത്യത്തെ ഒരിക്കൽ കൂടി ഓർമ്മപ്പെടുത്തുകയാണ് 2014 ജനുവരി 26–ന് കേരള സഭ ആചരിക്കുന്ന മദ്യവിരുദ്ധ ഞായർ.

ഇന്നു നമ്മുടെ കുടുംബങ്ങളിൽ ആഘോഷ അവസരങ്ങളിലെല്ലാം തന്നെ മദ്യത്തിന്റെ ലഹരി നിറഞ്ഞു നിൽക്കുന്നു. മദ്യത്തിനു പൊതു സമൂഹത്തിൽ സ്വീകാര്യതയും മാന്യതയും നൽകുന്ന ഒരു സാഹചര്യം അറിഞ്ഞും അറിയാതെയും സൃഷ്ടിക്കപ്പെടുന്നു. എന്തിനേറെ ഇന്നു നമ്മുടെ യുവജനങ്ങൾ മാത്രമല്ല കുട്ടികൾ പോലും ലഹരി വസ്തുക്കളുടെ പിടിയിലമർന്നുകൊണ്ടിരിക്കുന്നു. വ്യക്തികളെ മാത്രമല്ല കുടുംബങ്ങളെയും സമൂഹത്തെയും ഒന്നുപോലെ നശിപ്പിക്കുന്ന മദ്യവിപത്തിനെതിരെ ജാഗ്രത പാലിക്കുവാൻ വിശ്വാസികൾക്കു കടമയുണ്ട്.

സഭ എക്കാലവും ജീവസംസ്ക്കാരത്തെ പോഷി പ്പിക്കുവാനും മരണ സംസ്ക്കാരത്തെ തള്ളിപ്പറയുവാനും ബാധ്യസ്ഥയാണ്. “ഞാൻ വന്നിരിക്കുന്നതു അവർക്കു ജീവനുണ്ടാകുവാനും അതു സമൃദ്ധമായി ഉണ്ടാകുവാനുമാണ്” എന്നു പ്രബോധിപ്പിച്ച യേശുവിന്റെ പ്രബോധനമാണ് ഇക്കാര്യത്തിലെ മാർഗ്ഗദർശി. മദ്യവും മറ്റു ലഹരി വസ്തുക്കളും ജീവന്റെ മൂല്യത്തെയും അതിന്റെ പവിത്രതയേയും പലവിധത്തിൽ ഹനിക്കുന്നു. ദൈവം ദാനമായി നല്കിയ ജീവനും, ജീവിതവും, സംരക്ഷിക്കുവാനും പോഷിപ്പിക്കുവാനും ഒരോ വിശ്വാസിക്കും കടമയുണ്ട്. സമൂഹത്തിന്റെ പ്രാന്തപ്രദേശങ്ങളിലേക്കു സഭയുടെ ശുശ്രൂഷയുടെ ദൗത്യം എത്തണമെന്ന ഫ്രാൻസിസ് പാപ്പയുടെ പ്രബോധനം, മദ്യാസക്തിയിൽ നിന്നു മനുഷ്യനെ വിമോചിപ്പിക്കുന്ന ഏതു സംരംഭത്തോടും സഹകരിക്കുവാനും കൂട്ടുചേരുവാനും നമ്മെ പ്രേരിപ്പിക്കുന്നുണ്ട്. കാരണം മദ്യസംസ്ക്കാരം മരണ സംസ്ക്കാരമാണ്. അത് മാരകമാംവിധം ഇന്നത്തെ സമൂഹത്തെ കീഴടക്കിക്കൊണ്ടിരിക്കുന്നു.

ലഹരിയിൽ ഹോമിക്കപ്പെടുന്ന ജീവിതങ്ങൾ നമ്മുടെ ചുറ്റുപാടും ധാരാളം ഉണ്ട്. അങ്ങനെ സമൂഹത്തിൽ അംഗീകാരം നഷ്ടപ്പെട്ടവരായി, സ്വന്തം ആരോഗ്യവും സമ്പത്തും നഷ്ടപ്പെട്ടവരായി മനുഷ്യൻ ജീവിക്കുമ്പോൾ അതിന്റെ പരിണിതഫലം അനുഭവിക്കുന്നവർ ലഹരി ഉപയോഗിക്കുന്നവർ മാത്രമല്ല അവരുടെ കുടുംബവും സമൂഹം മുഴുവനുമാണെന്ന് നാം തിരിച്ചറിയണം.

മദ്യവിമുക്തസമൂഹത്തെ കെട്ടിപടുക്കുവാൻ കെ.സി.ബി.സി. തലത്തിൽ 1994 ൽ രൂപീകൃതമായ സഭാസംവിധാനമാണ് കെ.സി.ബി.സി മദ്യവിരുദ്ധസമിതി. നമ്മുടെ അതിരൂപതയിൽ 1994-ൽ രൂപീകൃത മായ ടെംപറൻസ് കമ്മീഷൻ കെ.സി.ബി.സി. മദ്യ വിരുദ്ധ സമിതിയുടെ അതിരൂപത ഘടകമായി പ്രവർത്തി ച്ചുകൊണ്ട് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കുന്നു. 2013 ഓഗസ്റ്റ് 14 മുതൽ ഒക്ടോ ബർ 22 വരെ കെ.സി.ബി.സി മദ്യവിരുദ്ധസമിതി നടത്തിയ 'ജോതിർഗമയ ലഹരി വിമോചന കേരള യാത്ര' സാധിക്കുന്നത്ര ജനങ്ങളിലേക്കു ലഹരിവിരുദ്ധ സന്ദേശമെത്തിക്കാനുള്ള സഭയുടെ തീഷ്ണ മായ ശ്രമത്തെയാണ് വരച്ചു കാട്ടിയത്. മാറി മാറി വരുന്ന ഗവൺമെന്റുകൾ മദ്യകച്ചവടത്തെ പ്രധാന വരുമാനമാർഗ്ഗമായി കാണുമ്പോൾ, ഒരു പക്ഷേ മദ്യം മൂലമുണ്ടാകുന്ന അപകടങ്ങൾ, രോഗങ്ങൾ, കേസു കൾ കുറ്റകൃത്യങ്ങൾ, എന്നിവയ്ക്കുവേണ്ടി ചെലവിടുന്ന തുക മദ്യത്തിൽ നിന്നു വരുന്ന വരുമാനത്തേ ക്കാൾ പലമടങ്ങു കൂടി നില്ക്കുവാനാണ് സാധ്യത. ലഹരി തകർക്കുന്ന യുവജനങ്ങൾ, കൗമാരക്കാർ, കുടുംബാന്തരീക്ഷം ഇതിനൊന്നും നമ്മുക്ക് വിലയിടാനാവില്ലല്ലോ.

നമ്മുടെ ആഘോഷ അവസരങ്ങളിൽ മദ്യത്തിനു മാന്യത നല്കുന്ന സംസ്ക്കാരത്തെ നിരുൽസാ ഹപ്പെടുത്തണം. പൊതു വേദിയിലുള്ള മദ്യപാനവും മദ്യവിതരണവും ഒരു തരത്തിലും നമുക്കുചേർന്നത ല്ല. ഞാൻ നിങ്ങളെ നേരത്തെ അനുസ്മരിപ്പിച്ചിട്ടുള്ളതുപോലെ ഓരോ കുടുംബവും എന്റെ കുടുംബ ത്തിൽ എന്തുവന്നാലും മദ്യം വിളമ്പുകയില്ല എന്ന നിലപാടുസ്വീകരിച്ചാൽ നമ്മുടെ കുടുംബങ്ങളിൽ മദ്യത്തിന്റെ ഉപയോഗം ഗണ്യമായി കുറക്കുവാൻ സാധിക്കുമെന്നു കരുതുന്നു.

നമ്മുടെ സമുദായ സംഘടനകളായ കെ. സി. സി, കെ.സി.ഡബ്ല്യു.എ, കെ.സി.വൈ.എൽ എന്നി വയ്ക്ക് മദ്യസംസ്ക്കാരത്തിനെതിരെ പ്രവർത്തിക്കുവാനും പ്രതികരിക്കുവാനും കഴിയണം. ജാഗ്രതയു ള്ളവരായിരിക്കാൻ കാലഘട്ടത്തിന്റെ സൂചനകൾ നമ്മെ നിർബന്ധിക്കുന്നുണ്ട്. ആരും അകന്നു നില്ക്കാ തെയും പരസ്പരം പഴിചാരാതെയും മദ്യവിരുദ്ധ പ്രവർത്തനങ്ങളിൽ കൂട്ടുത്തരവാദിത്വത്തോടെ നമ്മുക്കു പ്രവർത്തിക്കാം. നമ്മുടെ സ്കൂളുകളിലും കോളേജുകളിലും ലഹരി വിരുദ്ധപ്രവർത്തനങ്ങൾക്കും ബോധ വൽക്കരണത്തിനുമുള്ള സംവിധാനങ്ങൾ ഉണ്ടാകണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

മാതാപിതാക്കൾ, അദ്ധ്യാപകർ, സമൂഹനന്മയുടെ വക്താക്കളായ മതസംഘടനകൾ, പൊതുജന നന്മയ്ക്കു വേണ്ടി പ്രവർത്തിക്കുന്ന ജനപ്രതിനിധികൾ, ഭരണകർത്താക്കൾ എന്നിങ്ങനെ എല്ലാവരും ഒത്തുചേർന്ന്, നാടിനെ തെറ്റുകളുടെ തേരിലേറ്റുന്ന മദ്യാസക്തിക്കെതിരെ ഉണർന്നുപ്രവർത്തിക്കാം. നമുക്ക് ജീവൻ നല്കുവാനും അതു സമൃദ്ധമായി നല്കുവാനുമായി മനുഷ്യാവതാരം ചെയ്ത ദൈവപു ത്രൻ, മദ്യാസക്തിക്കെതിരെ നിലകൊള്ളാൻ നമ്മെ ശക്തിപ്പെടുത്തട്ടെയെന്നു പ്രാർത്ഥിക്കുന്നു, ആശം സിക്കുന്നു.

സ്നേഹപൂർവ്വം

**✠ മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

N.B. 2014 ജനുവരി 26-ാം തീയതി ഈ സർക്കുലർ നമ്മുടെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങ ളിലും വി. കുർബ്ബാനമദ്ധ്യേ വായിക്കേണ്ടതാണ്. ഈ വിഷയം കൂടാരയോഗങ്ങളിലും ചർച്ച ചെയ്യേണ്ട താണ്.